"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ് (സ്നേഹസാന്ത്വനം) പദ്ധതിക്ക് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.137/2025/SJD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. 31.07.2024-ലെ സ. ഉ. (സാധാ) നമ്പർ. 178/2024/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.03.2025, 15.05.2025 എന്നീ തിയതികളിലെ കെ.എസ്.എസ്.എം/366/2025-പി.2 നമ്പർ. കത്തുകൾ.
3. ധനകാര്യ (പ്ലാനിംഗ്. ബി) വകുപ്പിന്റെ 30.04.2025-ലെ 31/2025/ധന നമ്പർ പരിപത്രം.

**ഉത്തരവ്**

സംസ്ഥാനത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-60-200-72-04-പ്ലാൻ ശീർഷകത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്രപാക്കേജ് എന്ന പദ്ധതിക്കായി (സ്നേഹസാന്ത്വനം) കേരള സാമൂഹ്യസുരക്ഷാ മിഷന് 17,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2. 2024-2025 സാമ്പത്തിക വർഷത്തെ മേൽപറഞ്ഞ ശീർഷകത്തിൽ നിന്ന് 13,38,58,254/- രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്രപാക്കേജ് പദ്ധതിക്കായി ചെലവഴിക്കുന്നതിനു കേരള സാമൂഹ്യസുരക്ഷാ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പദ്ധതിയുടെ തുടർനടത്തിപ്പിനായി 2025-2026 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ നിന്ന് 13,37,17,420/-രൂപ വിനിയോഗിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ പരാമർശം 2-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരാർമശം-3 പരിപത്രത്തിലെ നിർദ്ദേത്തിൻറെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ 2235-60-200-72-04-പ്ലാൻ ശീർഷകത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്രപാക്കേജ് (സ്നേഹസാന്ത്വനം) എന്ന പദ്ധതിയ്ക്കായി കേരള സാമൂഹ്യസുരക്ഷാ മിഷന് വകയിരുത്തിയിട്ടുള്ള 17,00,00,000/- രൂപയിൽനിന്ന് 13,37,17,420/- രൂപ (പതിമൂന്ന്കോടി മുപ്പത്തേഴ് ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റിയിരുപത് രൂപ മാത്രം) ചുവടെ ചേർത്തിരിക്കും പ്രകാരം ചെലവഴിക്കുന്നതിനു കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമഗ്രഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഘടകം / പദ്ധതി | ആവശ്യമായ തുക |
|---|---|---|
| 1 | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രതിമാസ പെൻഷൻ | 12,62,41,020/- രൂപ |
| 2 | സ്പെഷ്യൽ ആശ്വാസകിരണം | 64,76,400/- രൂപ |
| 3 | ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം | 10,00,000/- രൂപ |
| | **ആകെ** | **13,37,17,420/- രൂപ** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്/പ്ലാനിംഗ്. ബി) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 06-06-2025 12:49:21